TUESDAY 19.03.2024 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/03/2024

1. തെങ്ങിൻതോപ്പുകളിൽ ഉൽപാദനവർധനയ്ക്കായി ശാസ്ത്രീയ പരിപാലനമുറകൾ അനുവർത്തിക്കുന്നതിന് കൃഷിവകുപ്പ് സംയോജിതകൃഷിക്കു സഹായം നൽകുന്നു. മണ്ണുപരിപാലന ഉപാധികൾ, വേപ്പിൻപിണ്ണാക്ക്, എൻപികെ വളം, മഗ്നീഷ്യം സൽഫേറ്റ്, സസ്യസംരക്ഷണോപാധികൾ, ജീവാണുവളങ്ങൾ, ജൈവ കീടനാശിനികൾ, പച്ചിലവള വിത്തുകൾ, ഇടവിളകൾ എന്നിവയ്ക്കാണ് സഹായം. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഒരു പ്രദേശത്ത് തുടർച്ചയായി 25-50 ഹെക്ടറിൽ കൃഷി ചെയ്യുകയാണ് ലക്ഷ്യം. ഹെക്ടറിന് 35,000 രൂപ രണ്ടു ഗഡുക്കളായി സഹായം നൽകും.

2. മൃഗസംരക്ഷണ മേഖലയിലെ പരിശീലനാർഥികൾക്കും സംരംഭകർക്കും കേരള സർക്കാർ മൃഗസംരക്ഷണവകുപ്പിന് കീഴിലുള്ള തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ നൈപുണ്യ സംരംഭകത്വ വികസന പരിശീലനം നേടാൻ അവസരം. ഈ അപ്രന്റീസ് പരിശീലനത്തിലൂടെ പരിശീലനാർത്ഥികളിൽ അവർ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ നൈപുണ്യം വികസിക്കുകയും, ആ മേഖലയിൽ അവരുടെ പ്രവർത്തനം മികവുറ്റതാക്കുകയും ചെയ്യുന്നു. ഇത് നമ്മുടെ രാജ്യത്തും വിദേശത്തും, ഉപരിപഠനത്തിനും, ഉദ്യോഗത്തിനും ഇവരെ പ്രാപ്തരാക്കുവാൻ സഹായിക്കും. കൂടുതൽ വിവരങ്ങൾക്ക് വകുപ്പിന്റെ www.ahd.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

3. മൃഗസംരക്ഷണ വകുപ്പിൻറെ കീഴിൽ പ്രവർത്തിക്കുന്ന പാറശ്ശാല പന്നിവളർത്തൽ കേന്ദ്രത്തിലെ 4 പെൺപന്നികളെ ഇന്ന് (19-03-2024) രാവിലെ 11.30 മണിക്ക് ഫാം പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുമ്പായി 1000/- രൂപ നിരതദ്രവ്യമായി ആഫീസിൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2201680 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കോഴിക്കോട് ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ വച്ച് 50 ദിവസം പ്രായമായ മുട്ടക്കോഴികളെ 130 രൂപ നിരക്കിൽ ഈ മാസം 20ന് രാവിലെ 8 മുതൽ 10 വരെ വിൽപ്പന നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9446164495.

5. പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി പന്നിവേലിച്ചിറയിലുള്ള ഫിഷറീസ് കോംപ്ലക്സിൽ വളർത്തുന്ന മത്സ്യക്കുഞ്ഞുങ്ങളും ഗിഫ്റ്റ് തിലാപ്പിയ കുഞ്ഞുങ്ങളും അലങ്കാര മത്സ്യക്കുഞ്ഞുങ്ങളും വിൽപനക്ക് തയ്യാറായി. മാർച്ച് 19, 20 തീയതികളിൽ രാവിലെ 11 മണി മുതൽ വൈകിട്ട് നാല് മണി വരെ മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യും. സർക്കാർ നിശ്ചയിച്ച നിരക്കിൽ മത്സ്യക്കുഞ്ഞുങ്ങൾക്ക് വില ഈടാക്കും. ബുക്കിങ്ങിനും കൂടുതൽ വിവരങ്ങൾക്കും ഫിഷറീസ് കോംപ്ലക്സുമായോ 8075301290, 9847485030, 04682214589 എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

## പരിശീലന പരിപാടി

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "പഴം-പച്ചക്കറി സംസ്കരണവും വിപണനവും" എന്ന ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മലയാള ഭാഷയിൽ ഉള്ള ഈ കോഴ്സിന്റെ ദൈർഘ്യം മൂന്ന് മാസമാണ്. താല്പര്യമുള്ളവർക്ക് www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്റ്റ്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കാവുന്നതാണ്. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. കോഴ്സ് ആരംഭിക്കുന്ന തിയ്യതി:

2024 ഏപ്രിൽ 17. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി: 2024 ഏപ്രിൽ 16. കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

7. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "IOT Concepts in Agriculture" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 ഏപ്രിൽ 08 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ ഏപ്രിൽ 07 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താ- വുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Defaulteng.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഏപ്രിൽ 08 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ.ഡി യും പാസ്സ്വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം

8. കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഈ മാസം 22 വരെ പരിശീലനങ്ങളും പ്രദർശനങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് സാങ്കേതികവാരാഘോഷം സംഘടിപ്പിക്കുന്നു. ഇന്ന് (19.03.2024) പ്രകൃതി കൃഷി, 20ന് നടീൽ വസ്തുക്കളുടെ ഉത്പാദനം, 21ന് മാറിയ കാലാവസ്ഥയ്ക്ക് അനുസരിച്ച് ജൈവ

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രീതിയിലുള്ള കൃഷി, 22 ന് അലങ്കാരമത്സ്യകൃഷി . കൂടുതൽ വിവരങ്ങൾക്ക് 8547544765, 0496 2966041 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം